# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. 214/2024 തിരുവനന്തപുരം, തീയതി: 24/09/2024

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 സെപ്റ്റംബർ 30 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു.

### പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി – 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 -2016 & 2018 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 സെപ്റ്റംബർ 30 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.റ്റി.റ്റി.എം. വൈവവോസി (റെഗുലർ) പരീക്ഷ 2024 ഒക്ടോബർ 03 ന് ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ചേർത്തല എസ്.എൻ.കോളേജിൽ വച്ച് 2024 സെപ്റ്റംബർ 25 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. ബോട്ടണി പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 27 ലേക്കും, കൊല്ലം എസ്.എൻ. കോളേജ് ഫോർ വിമനിൽ വച്ച് 2024 സെപ്റ്റംബർ 25 (After Noon session) ന് നടത്താൻ നിശ്ചയിച്ചിരുന്ന ബോട്ടണി പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 27 ന് (After Noon) സെഷനിലേക്കും മാറ്റിവച്ചിരിക്കുന്നു.

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസിന്റെ പ്രാക്ടിക്കൽ/വൈവ പരീക്ഷകൾ 2024 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 04 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ./ബി.എസ്‌സി./ ബി.കോം./ബി.ബി.എ./ബി.സി.എ./ബി.പി.എ./ബി.എം.എസ്./ബി.എസ്.ഡബ്ല്യൂ./ബി.വോക്. എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020-2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013-2016 & 2018 അഡ്മിഷൻ) നവംബർ 2024 പരീക്ഷകൾക്ക് പിഴകൂടാതെ 2024 സെപ്റ്റംബർ 30 വരെയും 150/- രൂപ പിഴയോടെ ഒക്ടോബർ

**03 വരെയും 400/- രൂപ പിഴയോടെ ഒക്ടോബർ 05 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.**

## <u>സമ്മതപത്രം – വയനാട് ഉരുൾപൊട്ടൽ ദുരന്തം</u>

**വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് (CMDRF) സംഭാവന നൽകാൻ ഉദ്ദേശിക്കുന്ന കേരള സർവകലാശാല പെൻഷൻകാർ സമർപ്പിക്കേണ്ട സമ്മതപത്രം കേരളസർവകലാശാല ഫിനാൻസ് വെബ്സൈറ്റിൽ (www.kufinance.info) ലഭ്യമാണ്. പൂരിപ്പിച്ച സമ്മതപത്രം കേരളസർവകലാശാല പെൻഷൻ വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ്.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**